# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1041 30/09/2016-ൽ മറുപടിയ്ക്ക്

### എം. എൽ.എ -എ.ഡി.എഫ്. പദ്ധതി

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എം. എൽ. എ - എ.ഡി.എഫ്. പദ്ധതിയിൽ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ (പഞ്ചായത്ത് കമ്മിറ്റി) അനുകൂല തീരുമാനം ലഭ്യമായിട്ടുള്ള റോഡുകൾ, ജില്ലാ നിർമ്മിതി കേന്ദ്രം നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സം നിലനിൽക്കുന്നുണ്ടോ; | (എ) | നിർവഹണ ഏജൻസിയായി നിയമാനുസരണ ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിയോഗിക്കുന്നതിന് തടസ്സമില്ല. |
| (ബി) | ജില്ലാ നിർമ്മിതി കേന്ദ്രം ഉചിത മാർഗ്ഗേനയുള്ള നടപടിക്കായി അനുബന്ധ പഞ്ചായത്തുകളിൽ സമർപ്പിക്കുന്ന ഇത്തരം റോഡുകളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്മേലുള്ള തുടർ നടപടി സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോ; | (ബി) | നിർദ്ദേശം നൽകിയിട്ടില്ല. |
| (സി) | അനുബന്ധ നിർദ്ദേശം ലഭ്യമായിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി ഇത്തരം ഫയലുകൾ (എം.എൽ.എ -എ.ഡി.എഫ്) ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വച്ചു താമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ; | (സി) | നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ-മാരുടെ നിർദ്ദേശാനുസരണമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസ്തി വികസനത്തിനുള്ള എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ മുഖേന സർക്കാരിന് സമർപ്പിക്കുന്നത്. ഈ വിഷയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക നിർദ്ദേശം നൽകേണ്ടതില്ല. |
| (ഡി) | ജില്ലാ നിർമ്മിതി കേന്ദ്രം നിർവ്വഹണ ഏജൻസിയായി വ്യവസ്ഥാനു സരണം പഞ്ചായത്തുകളിൽ തുടർ നടപടിയ്ക്കായി സമർപ്പിക്കുന്ന എം.എൽ.എ- | (ഡി) | ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കേണ്ടതും, ആയത് |

| | | | |
|---|---|---|---|
| | എ.ഡി.എഫ് പഞ്ചായത്ത് പാതകളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടുകൾ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് എത്തുന്ന തിന് മുൻപ് ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ അംഗീകാരം ലഭ്യമാക്കണമെന്നുള്ള നടപടിക്രമങ്ങളുടെ വിവരം വിശദമാക്കാമോ? | | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അയയ്ക്കുകയും ചെയ്യണം. ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തി ചീഫ് എഞ്ചിനീയർക്ക് നൽകുന്നു. |

സെക്ഷൻ ഓഫീസർ